# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1842 05.10.2016-ലെ മറുപടിയ്ക്ക്

## മാരകമായ രോഗമുള്ള പട്ടികജാതിക്കാർക്ക് ചികിത്സയ്ക്ക് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് മാരകമായ രോഗമുള്ള പട്ടികജാതിക്കാർക്ക് ചികിത്സയ്ക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതിവിഭാഗത്തിൽപ്പെട്ട ദീർഘകാല ചികിത്സ ആവശ്യമുള്ളവർക്ക് ബഹു. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 09/01/98 ലെ സ.ഉ(കൈ)നമ്പർ 01/98/പജപവവിവ പ്രകാരം 1998 മുതൽ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. 20/09/2012 ലെ സ.ഉ(കൈ)നമ്പർ 128/12/ പജപവവിവ പ്രകാരം ദീർഘകാല ചികിത്സ ആവശ്യമായ രോഗങ്ങൾക്കുള്ള ധനസഹായം 50,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ മാരക രോഗം ബാധിച്ചവരുടെ ചികിത്സയ്ക്കായി ആശുപത്രിയ്ക്ക് ഒരു ലക്ഷം രൂപവരെയും ധനസഹായം അനുവദിക്കുന്നുണ്ട്. |
| ബി) എന്തെല്ലാം മാരക രോഗങ്ങൾക്കാണ് ഇവർക്ക് ചികിത്സ ലഭ്യമാക്കുന്നത്; | (ബി) ക്യാൻസർ,ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റി വെയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ |

| | |
|---|---|
| | തുടങ്ങിയ മാരക രോഗങ്ങൾക്ക് ചികിത്സയ്ക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സിക്കുന്ന ആശുപത്രി മുഖേന അനുവദിക്കുന്നുണ്ട്. |
| സി. ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സയ്ക്കുവേണ്ടി സൗകര്യമൊരുക്കിയിരിക്കുന്നത്; | (സി) സർക്കാർ/സ്വകാര്യ ആശുപത്രിയിൽ ചികിത്സിച്ചാലും ധനസഹായം നൽകുന്നതാണ്. |
| ഡി. എത്ര പേർക്ക് ഇതുമൂലം പ്രയോജനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) കഴിഞ്ഞ സാമ്പത്തിക വർഷം (2015-16) 21673 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31/08/2016 വരെ 5754 പേർക്കായി 14,75,94,750/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

Rashidas
സെക്ഷൻ ഓഫീസർ